REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13 -02-2025 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കയിലെത്തി.**
- **ഇന്ന് ലോക റേഡിയോ ദിനം.**
- **പ്രധാൻമന്ത്രി സൂര്യ്യഘർ മുഫ്ത് ബിജിലി യോജനയ്ക്ക് ഇന്ന് ഒരു വർഷം പൂർത്തിയാകുന്നു.**
- **സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനം വകുപ്പ് പത്തു ദൗത്യങ്ങൾക്ക് രൂപം നൽകി.**
- **ദേശീയ ഗെയിംസിലെ മത്സര ഇനങ്ങൾ ഇന്ന് സമാപിക്കും.**
- **ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന പരമ്പര ഇന്ത്യ തൂത്തുവാരി.**

## വാർത്തകൾ വിശദമായി

രണ്ട് ദിവസത്തെ ഔദ്യോഗിക സന്ദർശനത്തിന് പ്രധാനമന്ത്രി നരേന്ദ്ര മോദി അമേരിക്കയിലെത്തി. US സമയം വൈകീട്ട് അഞ്ച് മണിയോടെ വാഷിംഗ്ടൺ DC-യിൽ എത്തിയ പ്രധാനമന്ത്രിയെ ഇന്ത്യൻ അംബാസഡർ വിനയ് മോഹൻ ക്വത്രയും മറ്റ് ഉദ്യോഗസ്ഥരും ചേർന്ന് സ്വീകരിച്ചു. തുടർന്ന് US പ്രസിഡന്റിന്റെ അതിഥി മന്ദിരമായ ബ്ലയർ ഹൗസിലെത്തിയ പ്രധാനമന്ത്രി ഇന്ത്യൻ സമൂഹത്തെ അഭിവാദ്യം ചെയ്തു.

ഡെസ്ക് റിപ്പോർട്ട്.

........വോയ്സ്......

പ്രസിഡന്റ് ഡൊണാൾഡ് ട്രംപിന്റെ ക്ഷണം സ്വീകരിച്ചാണ് പ്രധാനമന്ത്രി US-ലെത്തിയത്. സന്ദർശനത്തിനിടെ ട്രംപുമായും US മന്ത്രിസഭയിലെ പ്രമുഖരുമായും പ്രധാനമന്ത്രി കൂടിക്കാഴ്ച നടത്തും. ഇന്ത്യ-US സമഗ്ര ആഗോള തന്ത്രപര പങ്കാളിത്തം ശക്തിപ്പെടുത്താൻ ആഗ്രഹിക്കുന്നതായി പ്രധാനമന്ത്രി പിന്നീട് എക്സിൽ കുറിച്ചു. ലോകത്തിന്റെയും ജനങ്ങളുടെയും മികച്ച ഭാവിക്കായി ഇരുരാജ്യങ്ങളും അടുത്ത് പ്രവർത്തിക്കുന്നത് തുടരുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി. ട്രംപ് രണ്ടാം തവണ അധികാരമേറ്റ ശേഷം ആദ്യമായാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി യുഎസിൽ എത്തുന്നത്.

മൂന്ന് ദിവസത്തെ ഫ്രാൻസ് സന്ദർശനം പൂർത്തിയാക്കിയാണ് നരേന്ദ്ര മോദി US-ലെത്തിയത്. ഫ്രഞ്ച് നഗരമായ മാർസെയിലെ ആദ്യ ഇന്ത്യൻ കോൺസുലേറ്റ്, പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോയും സംയുക്തമായി ഉദ്ഘാടനം ചെയ്തിരുന്നു.

✪✪✪

ഇന്ന് ലോക റേഡിയോ ദിനം. റേഡിയോയുടെ പ്രധാന്യത്തെക്കുറിച്ച് ജനങ്ങളിൽ അവബോധം വളർത്താനും റേഡിയോയിലൂടെ വിവരങ്ങൾ ലഭ്യമാകുന്നത് പ്രോത്സാഹിപ്പിക്കാനുമാണ് എല്ലാ വർഷവും ഫെബ്രുവരി പതിമൂന്നിന് ലോക റേഡിയോദിനം ആചരിക്കുന്നത്. ലോകത്തിന്റെ വിവിധ കോണുകളിൽ കഴിയുന്ന മനുഷ്യരുടെ ജീവിതത്തെ സ്പർശിക്കുകയും അവരെ ഒരുമിച്ചുകൊണ്ടുപോകുകയും ചെയ്യുന്ന റേഡിയോയുടെ അതുല്യ ശക്തി ഓർമ്മിക്കേണ്ട ദിനം കൂടിയാണ് ഇന്ന്.

ന്യൂസ് ഡെസ്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ

.........വോയ്സ്........

റേഡിയോയും കാലാവസ്ഥാവ്യതിയാനവും എന്നതാണ് ഈ വർഷത്തെ ലോക റേഡിയോ ദിനത്തിന്റെ പ്രമേയം.

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്ത് കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളുമായി പൊരുത്തപ്പെടുന്നതിനും അവ ലഘൂകരിക്കുന്നതിനും ഒരു ഉപകരണമായി പ്രവർത്തിക്കാൻ റേഡിയോയ്ക്ക് കഴിയുന്നുവെന്ന് യുനെസ്കോ ഡയറക്ടർ ജനറൽ ഓഡ്രി അസോലെ റേഡിയോ ദിന സന്ദേശത്തിൽ പറഞ്ഞു.

രാജ്യത്തിന്റെ സാംസ്കാരികവും സാമ്പത്തികവുമായ വികസനത്തിൽ റേഡിയോ വാർത്തകളും വിവരങ്ങളും പ്രധാന പങ്കു വഹിക്കുന്നതായി പ്രസാർഭാരതി ചെയർമാൻ നവനീത് കുമാർ സൈഗാൾ അഭിപ്രായപ്പെട്ടു.

ഇന്ത്യയുടെ സമ്പന്നമായ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും പതാക വാഹകരാണ് ആകാശവാണിയെന്ന് പ്രസാർഭാരതി ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ ഗൗരവ് ദ്വിവേദി പറഞ്ഞു.

ഒൻപതു പതിറ്റാണ്ടുകളായി വിദ്യാഭ്യാസ, വിജ്ഞാന വിവരങ്ങൾ ശ്രോതാക്കളിൽ എത്തിക്കുന്ന പ്രധാന മാധ്യമമാണ് ആകാശവാണിയെന്ന് ഡയരക്ടർ ജനറൽ ഡോക്ടർ പ്രഗ്യ പലിവാൾ ഗൗർ ആശംസാ സന്ദേശത്തിൽ പറഞ്ഞു.

✪✪✪

ലോക റേഡിയോ ദിനത്തിൽ വേറിട്ട കാഴ്ചയൊരുക്കുയാണ് ആകാശവാണിയുടെ സ്ഥിരം ശ്രോതാവായ കണ്ണൂർ മട്ടന്നൂർ മരുതായിയിലെ KK.ശ്രീജിത്ത്.

ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി KO.ശശിധരന്റെ റിപ്പോർട്ട്.

..........വോയ്സ്.........

വീട്ടിനകത്ത് റേഡിയോ ലൈബ്രറി ഒരുക്കിയാണ് ജില്ലാ വ്യവസായ കേന്ദ്രം ഡപ്യൂട്ടി രജിസ്ട്രാർ ആയ കെ.കെ.ശ്രീജിത്ത് വേറിട്ട് നിൽക്കുന്നത്. (byte)

വിവിധ കമ്പനികളുടെ 200 ലേറെ റേഡിയോകൾ.എല്ലാം പാടുന്നവ തന്നെ. അപൂർവ്വമായ പഴയകാല റേഡിയോ ശേഖരിക്കുക എന്നത് ഇദ്ദേഹത്തിൻരെ ഹോബിയാണ്. റേഡിയോയുടെ പ്രസക്തി എല്ലാ കാലത്തും നിലനിൽക്കുമെന്നും മനുഷ്യനുള്ളിടത്തോളം കാലം റേഡിയോ നിലനിൽക്കുമെന്നും ശ്രീജിത്ത് പറയുന്നു.

✪✪✪

ലോക റേഡിയോ ദിനത്തിൽ അഖില കേരള റേഡിയോ ലിസനേഴ്സ് അസ്സോസിയേഷൻ നിർധനരായ ശ്രോതാക്കൾക്ക് സംസ്ഥാന വ്യാപകമായി റേഡിയോ സെറ്റുകൾ വിതരണം ചെയ്യുമെന്ന് ഭാരവാഹികൾ അറിയിച്ചു.

✪✪✪

പ്രധാൻമന്ത്രി സൂര്യഘർ മുഫ്ത് ബിജിലി യോജനയ്ക്ക് ഇന്ന് ഒരു വർഷം പൂർത്തിയാകുന്നു. ശുദ്ധവും സുസ്ഥിരവുമായ ഊർജ്ജോത്പാദനം ലക്ഷ്യമിടുന്ന പദ്ധതിക്ക് 2024 ഫെബ്രുവരി 13-നാണ് തുടക്കമിട്ടത്. മേൽക്കൂര സൗരോർജ്ജ പാനലുകൾ വഴി ഇതുവരെ എട്ടുലക്ഷത്തി 40,000 ലേറെ വീടുകളിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. സൗരോർജ്ജ വൈദ്യുതി ഉത്പാദനത്തിന് ആവശ്യമായ യൂണിറ്റ് സ്ഥാപിക്കാൻ 40 ശതമാനം വരെ സബ്സിഡി കേന്ദ്രഗവൺമെന്റ് നൽകി വരുന്നു. ഇതിനകം അഞ്ച് ലക്ഷത്തി

54,000 ഗാർഹിക ഉപഭോക്താക്കൾക്ക് 4,300കോടി രൂപ സബ്സിഡി നൽകി കഴിഞ്ഞു.

സൗരോർജ്ജ യൂണിറ്റുകൾ സ്ഥാപിച്ച 45 ശതമാനം ഉപഭോക്താക്കൾക്കും വൈദ്യുതി ബില്ലുകൾ അടക്കേണ്ടതില്ലാത്ത സാഹചര്യം പദ്ധതിയിലൂടെ ലഭ്യമായിട്ടുണ്ട്. 2027 മാർച്ചോടെ ഒരു കോടി വീടുകളിൽ സൗരോർജ്ജ വൈദ്യുതി ഉത്പാദനം സാധ്യമാക്കാനാണ് ലക്ഷ്യമിടുന്നത്.

✪✪✪

മഹാ കുംഭമേളയോട് അനുബന്ധിച്ച് പ്രയാഗ് രാജ് റെയിൽവേ സ്റ്റേഷനിലെ തിരക്കുകൾ കൈകാര്യം ചെയ്യുന്നതിന് സ്വീകരിക്കുന്ന നടപടികൾ റെയിൽവേ മന്ത്രി അശ്വനി വൈഷ്ണവും, റെയിൽവേ CEO സതീഷ്കുമാറും ന്യൂഡൽഹിയിൽ ചർച്ച ചെയ്തു. കുംഭമേളയിൽ പങ്കെടുക്കുന്നതിന് രാജ്യത്തിന്റെ എല്ലാ ദിശകളിൽ നിന്ന് വരുന്നവർക്കും ട്രെയിനുകൾ ഉറപ്പാക്കാൻ മന്ത്രി നിർദേശം നൽകി.

✪✪✪

സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനം വകുപ്പ് പത്തു ദൗത്യങ്ങൾക്ക് രൂപം നൽകി. ഇന്നലെ തിരുവനന്തപുരത്ത് വനംവകുപ്പ് ആസ്ഥാനത്തു ചേർന്ന ഉന്നതതല യോഗത്തിലാണ് തീരുമാനം.

വന്യജീവി സംഘർഷങ്ങളുടെ പശ്ചാത്തലത്തിൽ, കാടു കയറിയ എസ്റ്റേറ്റുകളിലെ കാടു നീക്കം ചെയ്യാൻ ഉടമകൾക്ക് നോട്ടീസ് നൽകും.

വനപാതകളുടെ ഇരുവശവും അടിക്കാടുകൾ വെട്ടി തെളിച്ചു വിസ്ത ക്ലീയറൻസ് നടത്താൻ യോഗം നിർദേശം നൽകി. വേനൽകാലത്തു വന മേഖലയിലൂടെ യാത്ര ചെയ്യുന്നവർക്കും വനത്തിനടുത്തു താമസിക്കുന്നവർക്കും ബോധവത്കരണം നൽകും. വനത്തോട് ചേർന്ന ജനവാസ മേഖലകളിൽ വന്യജീവി സാന്നിധ്യം നിരീക്ഷിക്കാൻ റിയൽ ടൈം മോണിറ്ററിങ് സംവിധാനം ഏർപ്പെടുത്തും.

സംസ്ഥാനത്തെ എല്ലാ വനം ഡിവിഷനിലെയും ആനത്താരകൾ, വന്യമൃഗ സഞ്ചാരപാതകൾ എന്നിവ തുടർച്ചയായി നിരീക്ഷിച്ച് മൃഗങ്ങളുടെ സാന്നിധ്യം മുൻ കൂട്ടിയറിഞ്ഞ് പ്രതിരോധ സംവിധാനങ്ങൾ ഒരുക്കും.

മനുഷ്യ - വന്യജീവി സംഘർഷങ്ങളിൽ സമയ ബന്ധിത ഇടപെടൽ ഉറപ്പ് വരുത്താൻ സന്നദ്ധ പ്രതികരണ സേന രൂപീകരിക്കും. RRT സംഘങ്ങൾ എത്തുന്നതിന് മുൻപ് ഇവർ പ്രശ്നപരിഹാരത്തിനാവശ്യമായ പ്രാഥമിക നടപടികൾ സ്വീകരിക്കും.

മൃഗങ്ങൾക്ക് വനമേഖലയിൽ തന്നെ ഭക്ഷണവും ജലവും ലഭ്യമാക്കാൻ പദ്ധതി ആരംഭിക്കും. വനത്തിലെ കുളങ്ങളിലും ചെക്ക് ഡാമുകളിലും ആവശ്യത്തിന് വെള്ളം ലഭ്യമാക്കാൻ നടപടി എടുക്കും. നാട്ടുകുരങ്ങ് ശല്യം നിയന്ത്രിക്കാൻ നിർദേശങ്ങൾ സമർപ്പിക്കുന്നതിന് ഫോറസ്റ്റ് വെറ്ററിനറി ഓഫീസർ ഡോ. അരുൺ സക്കറിയക്ക് ചുമതല നൽകി. സൗരോർജ്ജ വേലികൾ വിപുലമാക്കാനും യോഗത്തിൽ തീരുമാനമായി.

✪✪✪

തുടർച്ചയായുണ്ടാകുന്ന വന്യജീവി ആക്രമണത്തിൽ പ്രതിഷേധിച്ച് വയനാട് ജില്ലയിൽ UDF ഹർത്താൽ ആരംഭിച്ചു. അവശ്യ സർവീസുകൾ, പരീക്ഷ, വിവാഹം, പള്ളിക്കുന്ന് തിരുനാൾ എന്നിവയെ ഹർത്താലിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

✪✪✪

തൃശൂർ-പാലക്കാട് ദേശീയപാതയിലെ നീലിപ്പാറയിൽ കഴിഞ്ഞ ഒക്ടോബറിൽ കാർ ഇടിച്ചു മരിച്ച രണ്ട് വിദ്യാർത്ഥികളുടെ മാതാപിതാക്കൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും രണ്ട് ലക്ഷം രൂപ വീതം നൽകും. മുഹമ്മദ് ഇസാം ഇക്ബാൽ, മുഹമ്മദ് റോഷൻ എന്നീ കുട്ടികളാണ് മരിച്ചത്.

ആർപ്പൂക്കര സെന്റ് ഫിലോമിനാസ് ഗേൾസ് ഹൈസ്കൂളിൽ സ്പോർട്സ് മത്സരത്തിനിടെ കുഴഞ്ഞു വീണതിനെത്തുടർന്ന് ചികിത്സയിലിരിക്കെ മരിച്ച ക്രിസ്റ്റൽ C. ലാൽ എന്ന കുട്ടിയുടെ മാതാപിതാക്കൾക്കും രണ്ട് ലക്ഷം രൂപ നൽകും. ഇന്നലെ ചേർന്ന മന്ത്രിസഭായോഗത്തിലാണ് തീരുമാനം.

ചങ്ങനാശ്ശേരിയിലെ അപൂർവ രോഗം ബാധിച്ച ചലഞ്ച് എന്ന കുട്ടിയ്ക്ക് ഒരു വർഷത്തെ തുടർ ചികിത്സയ്ക്ക് ആവശ്യമായ ആറര ലക്ഷത്തോളം രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് അനുവദിച്ചു.

മലബാർ ക്യാൻസർ സെന്ററിൽ ദിവസവേതന കരാർ അടിസ്ഥാനത്തിൽ 36 തസ്തിക സൃഷ്ടിക്കാനും മന്ത്രിസഭ അനുമതി നൽകി. കേരള ലൈവ് സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡിലെ വർക്കർ കാറ്റഗറി ജീവനക്കാർക്ക് മുൻകാല പ്രാബല്യത്തോടെ 11-ാം ശമ്പള പരിഷ്കരണം അനുവദിക്കും. ഗുരുവായൂർ ദേവസ്വം ചെയർമാനും ഭരണസമിതി അംഗങ്ങൾക്കും മറ്റ് ബോർഡുകളിലെ പോലെ ഓണറേറിയവും സിറ്റിംഗ് ഫീസും നൽകാനും യോഗത്തിൽ തീരുമാനമായി.

ആറന്മുള ,ചെങ്ങന്നൂർ മണ്ഡലങ്ങളിലെ ആദിപമ്പയ്ക്ക് കുറുകെ വഞ്ചിപ്പോട്ടിൽ കടവിൽ പാലം നിർമ്മിക്കാൻ ഏഴ് കോടി,56 ലക്ഷത്തിൽപരം

രൂപയുടെ ക്വട്ടേഷൻ തുകയ്ക്കും മന്ത്രിസഭാ യോഗം അംഗീകാരം നൽകി. കണ്ണൂർ പാടിയിൽ കടവ് പാലത്തിന്റെ പത്തു കോടി 71 ലക്ഷത്തിൽ പരം രൂപയുടെ ടെണ്ടറും അംഗീകരിച്ചു.

✪✪✪

ദേശീയ ഗെയിംസിലെ മത്സര ഇനങ്ങൾ ഇന്ന് സമാപിക്കും. നാളെ ഹൽദ്വാനി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര സ്റ്റേഡിയത്തിലാണ് ഗെയിംസിന്റെ സമാപന ചടങ്ങ്.

അത്‌ലറ്റിക്സിൽ കേരളം ഇന്നലെ രണ്ടാം സ്വർണം സ്വന്തമാക്കി. ട്രാക്കിലെ അവസാന ഇനമായ 4 x 400 മീറ്റർ മിക്സഡ് റിലേ ടീമാണ് സ്വർണം നേടിയത്. വനിതകളുടെ ജൂഡോ 78 കിലോ വിഭാഗത്തിൽ കേരളത്തിന്റെ അശ്വതി PR വെള്ളി മെഡൽ നേടി. ആർട്ടിസ്റ്റിക്സ് ജിംനാസ്റ്റിക്സിൽ കണ്ണൂർ മാടായി സ്വദേശി അമാനി ദിൽഷാദ് വെങ്കലവും സ്വന്തമാക്കി.

13 സ്വർണവും 17 വെള്ളിയും 23 വെങ്കലവും ഉൾപ്പെടെ 53 പോയിന്റുമായി പോയിന്റ് പട്ടികയിൽ കേരളം 12-ാം സ്ഥാനത്താണ്.

✪✪✪

ദേശീയ ഗെയിംസിൽ മെഡൽത്തിളക്കത്തിലാണ് കോഴിക്കോടും. രണ്ട് വെള്ളിയും ഒരു വെങ്കലവുമടക്കം 3 മെഡലാണ് ജില്ലാ സ്പോർട്സ് കൗൺസിൽ ജിംനാസ്റ്റിക്സ് പരിശീലന കേന്ദ്രത്തിലെ കായിക താരങ്ങൾ നേടിയത്.

✪✪✪

ഇന്ത്യ- ഇംഗ്ലണ്ട് ഏകദിന പരമ്പര ഇന്ത്യ തൂത്തുവാരി. ഇന്നലെ അഹമ്മദാബാദിലെ നരേന്ദ്ര മോദി സ്റ്റേഡിയത്തിൽ മൂന്നാമത്തെയും അവസാനത്തെയും മത്സരത്തിൽ ഇംഗ്ലണ്ടിനെ 142 റൺസിനാണ് ഇന്ത്യ തകർത്തത്. ആദ്യം ബാറ്റ് ചെയ്ത ഇന്ത്യ 356 റൺസെടുത്തു. ഇംഗ്ലണ്ട് 214 ന് ഓൾഔട്ടായി.

✪✪✪

ഐ ലീഗ് ഫുട്ബോളിൽ കോഴിക്കോട്ട് ഗോകുലം കേരളക്ക് തോൽവി. റിയൽ കശ്മീർ എതിരില്ലാത്ത ഒരു ഗോളിനാണ് ഗോകുലത്തെ വീഴ്ത്തിയത്.

✪✪✪

തദ്ദേശ സ്ഥാപനങ്ങളിലെ വസ്തുനികുതി കുടിശ്ശികയ്ക്ക് 2025 മാർച്ച് 31 വരെ പിഴപ്പലിശ ഒഴിവാക്കിയതായി മന്ത്രി MB രാജേഷ് അറിയിച്ചു. പിഴപ്പലിശ അടക്കം നികുതി അടച്ചവർക്ക് പിഴപ്പലിശയ്ക്ക് തുല്യമായ തുക അടുത്ത വർഷത്തെ നികുതിയിൽ നിന്ന് കുറവ് ചെയ്യും.

✪✪✪

സംസ്ഥാനത്തെ ഡിജിറ്റൽ റീ സർവെ പ്രവർത്തനങ്ങളുടെ മൂന്നാം ഘട്ടം നാളെ കൊല്ലം ചാത്തന്നൂർ ചിറക്കരയിൽ മന്ത്രി K രാജൻ ഉദ്ഘാടനം ചെയ്യും.

രണ്ടു ഘട്ടങ്ങളിലായി ഡിജിറ്റൽ റീ സർവെയിൽ ഇതുവരെ ആറ് ലക്ഷം ഹെക്ടർ ഭൂമിയലേറെ അളന്നു കഴിഞ്ഞു.

✪✪✪

*News Editor: വി കെ സുരേഷ്*
*News Reader: അനിൽ ചന്ദ്രൻ*
*Casual News Reader : സയ്യിദ് അലി ശിഹാബ്*
*DEO: സുബോധ് സി കെ*